**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.426.** | **26/06/2019 -ൽ മറുപടിക്ക്**

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്**<br>**,, വി.ഡി.സതീശൻ**<br>**,, കെ.സി.ജോസഫ്**<br>**,, വി.ടി.ബൽറാം** | **ഡോ.കെ.ടി.ജലീൽ**<br>**(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡി യോഗം പി.ജി. വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സംബന്ധിച്ച് പഠിക്കുവാനായി കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;<br><br>(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ സമഗ്ര പുന:സംഘടനാ വിഷയം പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ.ഇ.ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ധ സമിതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ലക്ഷ്യമാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ; | (സി) ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണമേന്മ ലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന പദ്ധതികൾ കൗൺസിൽ നടപ്പിലാക്കി വരുന്നു.<br>• ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി.<br>• എറുഡൈറ്റ് പദ്ധതി.<br>• ക്ലസ്റ്റർ കോളേജ് പദ്ധതി<br>• കൗൺസിൽ ജേർണൽ<br>• സാക്ക് (SAAC- State Assessment & Accreditation Centre)<br>• ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC)<br>• ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകളും |

P.T.O

- ആൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വെ
- സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC)
- പ്രബുദ്ധത
- ചാൻസലേഴ്സ് അവാർഡ്
- കൈരളി ഗവേഷണ പുരസ്കാരങ്ങൾ
- ബ്രെയിൻ ഗെയിൻ സമീപനം

(ഡി) അദ്ധ്യാപന രംഗത്തെ നിലവാരമില്ലായ്മയും അമിതമായ രാഷ്ട്രീയവൽക്കരണവും മൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ കൗൺസിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ ?

(ഡി) അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ മുഖേന അദ്ധ്യാപകരുടെയും അധ്യാപനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**